## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1943 — 12.02.2013 ലെ മറുപടിയ്ക്ക്

### സംസ്ഥാന സർക്കാരിന്റെ കീഴിലെ ശാസ്ത്ര സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്ന നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, എൻ. ഷംസുദ്ദീൻ<br>,, സി. മോയിൻകുട്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ കീഴിലെ ശാസ്ത്ര സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നയം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ കൈമാറുക വഴി വളരെയധികം ഗുണങ്ങൾ കേരളീയരായ ശാസ്ത്രജ്ഞർക്കുണ്ട്. കേരളത്തിന്റെ വികസന പ്രശ്നങ്ങൾക്ക് കൊടുക്കുന്ന പ്രാധാന്യം കൈമാറിയതിന് ശേഷം ഈ സ്ഥാപനങ്ങളിൽ ഉണ്ടാകും. അതിനനുസൃതമായ ധാരണപത്രം (MoU) ആണ് ഗവൺമെന്റ് അംഗീകരിക്കുന്നത്. സംസ്ഥാനത്തിന്റെ ശാസ്ത്ര സ്ഥാപനങ്ങൾ കേന്ദ്രത്തിലേയ്ക്ക് കൈമാറുമ്പോൾ അതിനനുസൃതമായി പുതിയ ഗവേഷണ വികസന സ്ഥാപനങ്ങൾ ഇന്നു വേണ്ടരീതിയിൽ കൊണ്ടുവരുന്നുണ്ട്. ശാസ്ത്ര സാങ്കേതിക വികസനത്തിനുള്ള ഇച്ഛാശക്തിയിൽ നിന്നും ഗവൺമെന്റ് ഒരിക്കലും പുറകോട്ടുപോകുന്നില്ല. നൂതന ശാസ്ത്ര ഗവേഷണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങളും അതിനനു സരിച്ച് വേണ്ടി വരുന്ന ധനസഹായവും കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുമെന്നതിനാൽ ശാസ്ത്ര സ്ഥപാനങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്നതിനായുള്ള നിർദ്ദേശങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ചുവരുന്നു. |
| (ബി) മുൻകാലങ്ങളിൽ കേന്ദ്രത്തിന് കൈമാറിയ അത്തരം സ്ഥാപനങ്ങൾ കൈമാറ്റ ശേഷം കൈവരിച്ച നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) ഏപ്രിൽ 2007-ൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB) കേന്ദ്രത്തിന് കൈമാറിയ ശേഷം ഗവേഷണ രംഗത്ത് കൂടുതൽ പദ്ധതികളുമായി പ്രസ്തുത സ്ഥാപനം മികവു പുലർത്തിവരുന്നു. |

(സി) ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന തലത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തി സംസ്ഥാനത്തിനും രാജ്യത്തിനും ഗുണകരമാകുന്ന തലത്തിലേയ്ക്ക് സെന്റർ ഓഫ് എക്സലൻസി ആയി മാറിയ സ്ഥാപനങ്ങളെ കൂടുതൽ മികവുറ്റ കേന്ദ്രമായി ദേശീയ തലത്തിൽ പ്രവർത്തിക്കാനാവും എന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ ടി സ്ഥാപനങ്ങളെ ഏറ്റെടുക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമ്പോൾ അക്കാര്യം പരിശോധിച്ച് കേന്ദ്രസർക്കാർ തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തയ്യാറാക്കുന്ന മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലുള്ള കൈമാറ്റം സംബന്ധിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് സംസ്ഥാന സർക്കാർ തീരുമാനമെടുത്ത് അത് കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാർ ഇവയെല്ലാം പരിശോധിച്ച് തീരുമാനം എടുക്കുന്നു എന്നതാണ് അവലംബിച്ചുവരുന്ന നടപടി ക്രമം.

(ഡി) ഇനി കൈമാറാനുദ്ദേശിക്കുന്ന സ്ഥാപനങ്ങളേതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

(ഡി) ആക്കുളത്തുള്ള ഭൗമ ശാസ്ത്ര പഠന കേന്ദ്രം (CESS), പാലോട് ജവഹർലാൽ ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) എന്നിവയാണ് കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ.

സെക്ഷൻ ഓഫീസർ